**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1630 — 03.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

കിടത്തി ചികിത്സാ സൗകര്യത്തോടുകൂടിയ ആരോഗ്യ കേന്ദ്രം

| ചോദ്യം<br><br>ശ്രീ.ബി.ഡി. ദേവസ്സി | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| പട്ടികജാതി, പട്ടികവർഗ്ഗ, തോട്ടം തൊഴിലാളി മേഖലകൾ ഉൾപ്പെട്ട ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളിയിൽ ഒരു കിടത്തി ചികിത്സാ സൗകര്യത്തോടുകൂടിയ ആരോഗ്യ കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | പട്ടികജാതി പട്ടികവർഗ്ഗ തോട്ടം തൊഴിലാളികൾ ഭൂരിഭാഗവും താമസിക്കുന്നത് മലക്കപ്പാറ പ്രദേശത്താണ്. ആതിരപ്പള്ളിയിൽ നിന്നും 18 കിലോമീറ്റർ ദൂരത്ത് എലിഞ്ഞിപ്ര സാമൂഹികാരോഗ്യകേന്ദ്രവും 22 കിലോമീറ്റർ ദൂരത്ത് ചാലക്കുടി താലൂക്ക് ആശുപത്രിയും സ്ഥിതിചെയ്യുന്നു. മലക്കപ്പാറയിലും അതിനടുത്തുള്ള കോളനികളിലും ജില്ലാ ട്രൈബൽ മൊബൈൽ യൂണിറ്റിന്റെ കീഴിൽ ഒരു ഡോക്ടറും ഒരു സ്റ്റാഫ് നേഴ്സും ഒരു ഫാർമസിസ്റ്റും എല്ലാ മാസവും 5 ക്യാമ്പുകൾ വീതം നടത്തി വരുന്നുണ്ട്. കൂടാതെ മലക്കപ്പാറ ഭാഗത്ത് ട്രൈബൽ ഡെവലപ്പ്മെന്റിന്റെ കീഴിൽ ഒരു ഒ.പി.യും ക്ലിനിക്കും പ്രവർത്തിക്കുന്നുണ്ട്. അവിടെ ഒരു ഡോക്ടറും നേഴ്സും ഒരു സ്റ്റാഫ് നേഴ്സും താൽക്കാലികാടിസ്ഥാനത്തിൽ ട്രൈബൽ ഡവലപ്പ്മെന്റ് നിയമിച്ചിട്ടുണ്ട്. കൂടാതെ ആതിരപ്പള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ലാബ് സൗകര്യവും എസ്.റ്റി വിഭാഗക്കാർക്ക് ആംബുലൻസ് സൗകര്യവും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ